# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1883

13.06.2019 -ൽ മറുപടി
നൽകേണ്ടത്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. എസ്. ശബരീനാഥൻ** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, ഫംഗ്ഷണൽ ഡയറക്ടർമാർ എന്നിവരെ നിയമിക്കുന്നതിനായി കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ ജസ്റ്റിസ് കെ.കെ. ദിനേശൻ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, പ്ലാനിംഗ്, വ്യവസായ വകുപ്പുകളുടെ സെക്രട്ടറിമാർ, റിയാബ് ചെയർമാൻ എന്നിവരാണ് പ്രസ്തുത ബോർഡിലെ മറ്റ് അംഗങ്ങൾ. പ്രസ്തുത ഉന്നതതല നിയമനങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ അടങ്ങിയ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 28/05/2019- ലെ PLGEA-BPE3/146/2018-PLGEA നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) നിലവിൽ ഏത് ഏജൻസി വഴിയാണ് ഇത്തരം നിയമനങ്ങൾ നടത്തുന്നത്; | (ബി) നിലവിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴിയാണ് നിയമനങ്ങൾ നടത്തുന്നത്. |

| | | |
|---|---|---|
| (സി) റിയാബ് വഴി നടത്തിയിരുന്ന നിയമനങ്ങൾ പുതിയ സെലക്ഷൻ ബോർഡിനെ ഏല്പിക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്'; | (സി) | മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫംഗ്ഷണൽ ഡയറക്ടർ മുതലായ ഉന്നതതല നിയമനങ്ങൾ മാത്രമാണ് പബ്ലിക് എൻർപ്രൈസസ് സെലക്ഷൻ ബോർഡ് വഴി നടത്തുന്നത്. ഇത്തരം ഉന്നതതല നിയമനങ്ങൾ കൂടുതൽ സുതാര്യവും കുറ്റമറ്റതും ആക്കുന്നതിനു വേണ്ടിയാണ് 2016-ലെ ക്യാബിനറ്റ് തീരുമാന പ്രകാരം പ്രസ്തുത തസ്തികകൾക്ക് സെലക്ഷൻ ബോർഡ് കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ പുന:സംഘടിപ്പിച്ചത്. |
| (ഡി) റിയാബ് വഴി നടത്തിയ നിയമനങ്ങൾ സുതാര്യമല്ല എന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ തസ്തികയാണ് ഒഴിഞ്ഞ് കിടക്കുന്നത്; അതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | ഒൻപത്, പ്രസ്തുത തസ്തികകളിൽ കേരള പബ്ലിക് എൻർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖാന്തിരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (എഫ്) റിയാബ് വഴി നിയമിച്ചപ്പോൾ ഏർപ്പെടുത്തിയ പൊതുമാനദണ്ഡങ്ങൾ വേണ്ടായെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് എന്നറിയിക്കാമോ? | (എഫ്) | കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനെ പിന്തുടർന്ന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴിയുള്ള നിയമനങ്ങൾക്കുള്ള പൊതുമാനദണ്ഡങ്ങൾ PLGEA – BPE3/146/2018 – PLGEA നമ്പർ സർക്കുലറിൽ രൂപീകരിച്ചിട്ടുണ്ട്. അതിനാൽ റിയാബിന്റെ പൊതുമാനദണ്ഡങ്ങളല്ല കേരള പബ്ലിക് എൻർപ്രൈസസ് സെലക്ഷൻ ബോർഡ് പിൻതുടരുന്നത്. പ്രസ്തുത ബോർഡിന്റെ പൊതു മാനദണ്ഡങ്ങൾ എല്ലാം https://kpesb.kerala.gov.in എന്ന ബോർഡിന്റെ വെബ് സൈറ്റിൽ ഉദ്യോഗാർത്ഥികളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**